**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1481** **16-10-2026-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്കോളർഷിപ്പ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (കെ. എസ്.എച്ച്.ഇ.സി.)സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

**മറുപടി:** കേരളത്തിലെ ഗവൺമെന്റ്/എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയിഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്കാണ് ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് നൽകുന്നത്. രണ്ടാംവർഷ ബിരുദ തലം മുതൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദ തലം വരെ അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ പുതുക്കി നൽകുന്നു. പ്ലസ് ടു വിന്/ തത്തുല്ല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തിരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. എസ്.സി/എസ്.ടി.,ഒ.ബി.സി, ബി.പി.എൽ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 10%, 27%, 10%, 3% സ്കോളർഷിപ്പുകൾ സംവരണം ചെയ്തിരിക്കുന്നു.

**(ബി)** കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതെങ്ങനെയെന്ന വ്യക്തമാക്കാമോ;

**മറുപടി:** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷ വിദ്യാർത്ഥി പഠനം നടത്തുന്ന സ്ഥാപനത്തിന്റെ മേധാവി ഓൺലൈനായി വെരിഫൈ ചെയ്ത് അംഗീകരിക്കേണ്ടതാണ്. ഇപ്രകാരം അംഗീകാരം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും അർഹരായവരുടെ താൽകാലിക ലിസ്റ്റ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിക്കും.

**(സി)** കഴിഞ്ഞവർഷം സ്കോളർഷിപ്പ് ലഭിച്ചവർ അത് പുതുക്കുന്നതിനായി ചെയ്യേണ്ട നടപടിക്രമം വ്യക്തമാക്കുമോ;

**മറുപടി:** ഒന്നാം വർഷം ലഭിച്ച സ്കോളർഷിപ്പ് പിന്നീടുള്ള വർഷങ്ങളിൽ പുതുക്കുന്നതിന് വിദ്യാർത്ഥി വീണ്ടും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**(ഡി)** സ്കോളർഷിപ്പ് തുകയുടെ വിശദാംശം നൽകാമോ?

**<u>മറുപടി:</u>** ഒന്നാം വർഷ ബിരുദ പഠനത്തിന് 12,000/- രൂപ (പന്ത്രണ്ടായിരം രൂപ), രണ്ടാം വർഷ ബിരുദ പഠനത്തിന് 18,000/- രൂപ (പതിനെട്ടായിരം രൂപ), മൂന്നാം വർഷ ബിരുദ പഠനത്തിന് 24,000/-രൂപ (ഇരുപത്തിനാലായിരം രൂപ), ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 40,000/-രൂപ (നാൽപതിനായിരം രൂപ), രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 60,000/- രൂപ (അറുപതിനായിരം രൂപ) എന്നീ നിരക്കുകളിലാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 25% സ്കോളർഷിപ്പ് തുക അധികമായി നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**